LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ അതോറിറ്റി രൂപീകരിച്ചാൽ മാത്രമേ ഫണ്ട് ലഭ്യമാക്കാൻ കഴിയൂ എന്നത് ശരിയല്ല. പല അതോറിറ്റികളും പണമില്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ട് അതോറിറ്റിയെ സംബന്ധിച്ച് പുതിയ നിയമം വരുന്ന സന്ദർഭത്തിൽ എങ്ങനെയാണ് നദീജല സമ്പത്ത് സംരക്ഷിക്കുക, മാലിന്യവിമുക്തമാക്കുക ; അതിന് എന്തുചെയ്യാൻ കഴിയുമെന്നത് കൂട്ടായി ആലോചിച്ച് നടപടി സ്വീകരിക്കാം. അതിനോട് എനിക്ക് വ്യക്തിപരമായി യാതൊരു എതിർപ്പുമില്ല. നമ്മൾ പൊതുവായി തീരുമാനമെടുക്കേണ്ട വിഷയമാണ്.

IV സബ്മിഷൻ

(1) കടയ്ക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഒരു മാതൃകാ ആശുപത്രി ആക്കണമെന്നതും ചടയമംഗലം പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്യണമെന്നതും സംബന്ധിച്ച്

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ചടയമംഗലം നിയോജക മണ്ഡലത്തിൽ കടയ്ക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കൊല്ലം ജില്ലയുടെ കിഴക്കൻ പ്രദേശത്തെ സാധാരണക്കാരുടെ അഭയകേന്ദ്രമാണ്. അവിടെ 100 ബെഡ്സ് ഉണ്ട്. ഔട്ട് പേഷ്യന്റ്സ് വിഭാഗത്തിൽ പ്രതിദിനം 900-ത്തോളം രോഗികളും വരാറുണ്ട്. ആ സ്ഥാപനം എഫ്.ആർ. യൂണിറ്റായി പ്രഖ്യാപിച്ചുവെങ്കിലും അനന്തര വികസന നടപടികളോ സ്പെഷ്യലിസ്റ്റുകളുടെ നിയമനമോ ഒന്നും ആയിട്ടില്ല. അതിനെ ഒരു മാതൃകാ സ്ഥാപനമാക്കാൻ ചടയമംഗലത്തിന്റെ ആസ്ഥാനമായ ചടയമംഗലം പി.എച്ച്. സെന്റർ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, കടയ്ക്കൽ സർക്കാർ ആശുപത്രി സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇവിടെ നിലവിൽ ആറു ഡോക്ടർമാരുടെ തസ്തികകളാണുള്ളത്. ഇതിൽ അഞ്ചുപേർ നിലവിലുണ്ട്. ഒരു സിവിൽ സർജൻ പെൻഷൻപറ്റിയ ഒഴിവിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചുവരുന്നു. യൂറോപ്യൻ കമ്മീഷന്റെ ഡിസ്ട്രിക്ട് ആക്ഷൻ പ്ലാൻ പ്രോജക്ടിന്റെ 42.5 ലക്ഷം രൂപയുടെ പദ്ധതി ഈ സ്ഥാപനത്തിൽ നടത്താൻ ഉത്തരവായിട്ടുണ്ട്. ഇതിൽ 11 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുകയാണ്. ബാക്കി 31.5 ലക്ഷം രൂപയുടെ പദ്ധതി ഉടൻതന്നെ നടത്തുന്നതാണ്. പ്രസവവാർഡ്, ബ്ലഡ് ബാങ്ക്, പുതിയ കെട്ടിടം എന്നിവയാണ് പ്രധാനമായും പ്രോജക്ടിലെ പദ്ധതികൾ. ഈ സ്ഥാപനം ഫസ്റ്റ് റഫറൽ യൂണിറ്റ് ആക്കണമെങ്കിൽ കുറഞ്ഞത് എട്ട് ഡോക്ടർമാരെങ്കിലും നിലവിലുണ്ടായിരിക്കണം. ബ്ലഡ് ബാങ്ക്, അനസ്തേഷ്യ, ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന പ്രസവവാർഡ് ഇവയെല്ലാം ഉണ്ടെങ്കിൽ മാത്രമേ ഈ സ്ഥാപനം എഫ്.ആർ.യു. ആക്കാൻ കഴിയൂ. ഡോക്ടർമാരുടെ ലഭ്യത അനുസരിച്ചും മറ്റുള്ള സജ്ജീകരണങ്ങൾ തയ്യാറാകുന്നതനുസരിച്ചും മാതൃകാ ആശുപത്രിയാക്കി മാറ്റുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്.